## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3755 — 17.10.2011 ൽ മറുപടിക്ക്

## ട്രാഫിക് നിയമങ്ങൾ ശക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റോഡപകടങ്ങൾ വർദ്ധിക്കാനുള്ള പ്രധാന കാരണം ട്രാഫിക് നിയമങ്ങളും മോട്ടോർ നിയമങ്ങളും ശരിയായി പാലിക്കാത്തത്കൊണ്ടാണ് എന്ന് സർക്കാർ കരുതുന്നുണ്ടോ; | (എ) 2005 ന ശേഷം സംസ്ഥാനത്ത് വാഹനാപകടങ്ങളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരുന്നതായാണ് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്.റോഡപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് ട്രാഫിക് നിയമങ്ങളും മോട്ടോർ വാഹന നിയമങ്ങളും ശരിയായി പാലിക്കാത്തതാണ്. |
| (ബി) ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലും പോലീസിന്റെ കീഴിലും എന്തെല്ലാം നിയമ നിർവ്വഹണ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) ട്രാഫിക് നിയമങ്ങളും മോട്ടോർ വാഹന നിയമങ്ങളും കർശനമായി നടപ്പിലാക്കുന്നതിന് ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ കീഴിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓരോ മേഖലയിലുമുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലുള്ള ചെക്കിംഗ് സ്ക്വാഡ് അത്യാധുനിക സംവിധാനങ്ങളോടു കൂടിയ സ്പീഡ് ട്രേസർ ഉപയോഗിച്ച് വാഹന പരിശോധന നടത്തുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ എന്ന മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള പുതിയൊരു മാർഗ്ഗം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമറകളിലൂടെ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കുന്നുണ്ട്.ഇതു കൂടാതെ റോഡ് സുരക്ഷയുടെ ഭാഗമായി |

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ കീഴിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ കീഴിലും ടിപ്പർ ലോറികളുടെയും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളുടെയും ഡ്രൈവർമാർക്ക് നിരന്തര പരിശീലനം നൽകുന്നുണ്ട്.

ട്രാഫിക് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, സ്പീഡ് ക്യാമറകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ എന്നിവ ഉപയോഗിച്ചുള്ള തീവ്രമായ പരിശോധനകൾ പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. ട്രാഫിക് നിയമലംഘനം നടത്തുന്നവരെ കണ്ടെത്തി മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ ഈടാക്കി വരുന്നുണ്ട്.

| | |
|---|---|
| (സി) മോട്ടോർ വാഹന നിയമങ്ങളും ട്രാഫിക് നിയമങ്ങളും കർശനമായി നടപ്പിലാക്കാനും അത് പരിശോധിക്കാനും ജനപ്രതിനിധികൾ അംഗങ്ങളായുള്ള പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും സർക്കാർ തയ്യാറാകുമോ; | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ് / ചെയർമാൻ / മേയർ എന്നിവരെ ഉൾപ്പെടുത്തി ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരിച്ചുകൊണ്ട് ആഭ്യന്തര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസിൽ കമ്പ്യൂട്ടർ ശൃംഖല വഴി പിഴവുകൾ രേഖപ്പെടുത്തുന്ന എന്തെങ്കിലും സംവിധാനം നടപ്പിലാക്കുമോ; | (ഡി) ലൈസൻസ് സ്മാർട്ട് കാർഡായി നൽകുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ സ്മാർട്ട് കാർഡാക്കിയ ലൈസൻസ് നൽകുന്നതോടെ ലൈസൻസിൽ ഡ്രൈവർമാർക്കെതിരെയുള്ള ശിക്ഷാ നടപടികൾ ലൈസൻസിലുള്ള കംപ്യൂട്ടർ ചിപ്പിൽ രേഖപ്പെടുത്തുവാൻ കഴിയുന്നതാണ്. |
| (ഇ) പിഴവുകളുടെ എണ്ണം പരിശോധിച്ച് ഡ്രൈവർമാർക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുകയും അവരെ എൻ.എച്ച്/എസ്.എച്ച് കളിൽ വാഹനം ഓടിക്കുന്നതിന് ഗ്രേഡ് അനുസരിച്ച് നിയന്ത്രിക്കുകയും ചെയ്യാമോ ? | (ഇ) പിഴവുകളുടെ എണ്ണം പരിശോധിച്ച് ഗ്രേഡിംഗ് ഏർപ്പെടുത്തുക അപ്രായോഗികമാണ്. |

സെക്ഷൻ ഓഫീസർ